Page 1 of 2

നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് വാക്സിനുകൾ വാങ്ങുന്നു. സാധാരണ ദിവസങ്ങളിൽ, ആവശ്യത്തിന് സ്റ്റോക്കുള്ളപ്പോൾ, സർക്കാർ മേഖലയിൽ വാക്സിനേഷൻ സ്ലോട്ടുകൾ കൂടുതലാണ്. എന്നിരുന്നാലും, സർക്കാർ മേഖലയിൽ വാക്സിൻ സ്റ്റോക്ക് കുറവായിരിക്കുമ്പോൾ, ചിലപ്പോൾ സ്വകാര്യ മേഖലയിൽ കൂടുതൽ സ്ലോട്ടുകൾ ലഭ്യമാകാം.

(സി) പതിനെട്ട് വയസ്സിനും നാല്പത്തിയഞ്ച് വയസ്സിനും ഇടയിൽ എത്ര പേർക്ക് ഈ വാക്സിൻ നൽകിയെന്നും ഇതിൽ സൗജന്യമായി നൽകിയത് എത്രയെന്നും പെയ്ഡ് എത്രയെന്നും വ്യക്തമാക്കാമോ?

പതിനെട്ട് വയസ്സിനും നാല്പത്തിയഞ്ച് വയസ്സിനും ഇടയിൽ മൊത്തം 4320717 (6-8-2021) വരെ ഡോസുകൾ നൽകിയിട്ടുണ്ട്, അതിൽ 1245348 പേർക്ക് പെയ്ഡ് ഡോസ് നൽകി (780 രൂപ/ഡോസ്).

(ഡി) നാല്പത്തിയഞ്ച് വയസിന് മുകളിൽ എത്ര പേർക്ക് ഈ വാക്സിനേഷൻ നൽകി; ഇതിൽ സൗജന്യമായി നൽകിയതെത്ര; പെയ്ഡ് എത്ര; വ്യക്തമാക്കാമോ?

6-8-2021 വരെ നാല്പത്തിയഞ്ച് വയസ്സിന് മുകളിൽ 13340802 ഡോസുകൾ നൽകിയിട്ടുണ്ട്. അതിൽ 508494 പേർക്ക് പെയ്ഡ് ഡോസ് നൽകി (ഒരു ഡോസിന് 780 രൂപ). ഇതിനു പുറമെ 8,29,978 ഡോസുകൾ സ്വകാര്യ മേഖലയിൽ 250 രൂപ/ഡോസ് മാർച്ച്, ഏപ്രിൽ കാലയളവിൽ നൽകി.

കോവിഡ് വാക്സിൻ നിർമ്മാണം

249 (4974) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ നിർമ്മാണത്തിനായി ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശാസ്ത്ര സാങ്കേതിക വകുപ്പിൽനിന്നും തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ ആറ് അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ-ആരോഗ്യ വകുപ്പുമന്ത്രിമാർ, സെക്രട്ടറിമാർ തുടങ്ങിയവർ പ്രാഥമികയോഗം ചേർന്ന് തുടർനടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യരംഗത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി. എൽ.-മായി സഹകരിച്ചുകൊണ്ട് വാക്സിൻ നിർമ്മാണം നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്ര സാങ്കേതിക വകുപ്പിൽനിന്നും തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ ആറ് അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ-ആരോഗ്യ വകുപ്പുമന്ത്രിമാർ, സെക്രട്ടറിമാർ തുടങ്ങിയവർ പ്രാഥമികയോഗം ചേർന്ന് തുടർനടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ആശുപത്രികളിലെ സൗജന്യ കോവിഡ് ചികിത്സ

250 (4975) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഒ.പി., ഐ.പി. വിഭാഗങ്ങളിൽ ചികിത്സ തേടുന്നവർക്ക് കോവിഡ് ചികിത്സ സൗജന്യമാണോ; പ്രസ്തുത രോഗികളിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമല്ലാത്തവർക്ക് കോവിഡ് രോഗനിർണ്ണയം, ചികിത്സ തുടങ്ങി ഏതൊക്കെ വിഭാഗങ്ങളിലാണ് സൗജന്യം അനുവദിച്ചിട്ടുള്ളത്?

എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനുവേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കിവരുന്നു.

(ബി) സർക്കാർ ആശുപത്രികളിലെ പ്രസ്തുത ചികിത്സയ്ക്ക് കേന്ദ്ര ധനസഹായം ലഭിക്കുന്നുണ്ടോയെന്നും ഏതൊക്കെ ഇനങ്ങളിൽ എത്ര രൂപ വീതം ആണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ?

കോവിഡ് ചികിത്സ നൽകുന്നതിലേയ്ക്കായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. 648.17 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്. ഇതുകൂടാതെ 176 കോടി NHM ഫണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനായി കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. ഇതുവരെ 702.39 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) കോവിഡ് ചികിത്സയിൽ സർക്കാർ ആശുപത്രികളിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ മുഖേന ലഭ്യമാക്കാവുന്ന സൗകര്യങ്ങൾ എന്തൊക്കെയാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.